Mathrubhumi മാതൃഭൂമി | Local News

നാട്ടുവർത്തമാനം | ALAPPUZHA

Select Other Districts




Alappuzha

# വിൽപ്പനയിൽ വൻ ഇടിവ്: പള്ളിപ്പുറം മലബാർ സിമന്റ്സ് വീണ്ടും പൂട്ടൽ ഭീഷണിയിൽ

മലബാർ സിമന്റ്സിലെ പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിച്ചില്ലെങ്കിൽ സമരം ആരംഭിക്കുമെന്ന് ഐ.എൻ.ടി.യു.സി.

Published: Jan 25, 2017, 01:00 AM IST

T- T T+



പള്ളിപ്പുറത്തെ മലബാർ സിമന്റ്സിന്റെ ഗ്രൈൻഡിങ് യൂണിറ്റ്

**പള്ളിപ്പുറം:** വിൽപ്പനയിലുണ്ടായ വൻ ഇടിവിനെത്തുടർന്ന് മലബാർ സിമന്റ്സിന്റെ പള്ളിപ്പുറത്തെ ഗ്രൈൻഡിങ് യൂണിറ്റ് വീണ്ടും അടച്ചുപൂട്ടൽ ഭീഷണിയിൽ. പ്രതിദിനം 600 ടൺ സിമന്റ് വിൽപ്പന നടത്തിയിരുന്ന ഇവിടെ ഇപ്പോൾ 200 ടൺമാത്രമാണ് വിൽപ്പന. 400 ടൺ വിൽപ്പന കുറഞ്ഞതിനെത്തുടർന്ന് ഇവിടത്തെ 80-ഓളം വരുന്ന കയറ്റിറക്ക് തൊഴിലാളികളും ദുരിതം നേരിടുകയാണ്.

ഇതിനിടെ മലബാർ സിമന്റ്സിലെ പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിച്ചില്ലെങ്കിൽ സമരം ആരംഭിക്കുമെന്ന് ഐ.എൻ.ടി.യു.സി. വ്യക്തമാക്കിക്കഴിഞ്ഞു. ഇതെല്ലാം ചൂണ്ടിക്കാട്ടുന്നത് ഗ്രൈൻഡിങ് യൂണിറ്റ് നേരിടുന്ന പ്രതിസന്ധിയാണ്. എറണാകുളം, ആലപ്പുഴ, കോട്ടയം, ഇടുക്കി, കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകൾക്ക് മലബാർ സിമന്റ് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പള്ളിപ്പുറത്ത് ഫാക്ടറി തുടങ്ങിയത്. ആദ്യകാലങ്ങളിൽ ഇവിടെനിന്ന് ഈ ജില്ലകളിലേക്ക് സിമന്റ് വിൽപ്പനയും നടന്നിരുന്നു.

എന്നാൽ, മൊത്തവ്യാപാരികൾക്കു നൽകിയിരുന്ന കടത്തുകൂലി നിർത്തലാക്കിയതോടെ മറ്റ് ജില്ലകളിലേക്കുള്ള വിൽപ്പനയിൽ ഗണ്യമായ കുറവുണ്ടായി. നിലവിൽ ജില്ലയിലെയും പ്രത്യേകിച്ച് ചേർത്തല താലൂക്കിലെയും വ്യാപാരികളാണ് ഇവിടെനിന്ന് സിമന്റ് എടുക്കുന്നത്. അതുതന്നെ സ്ഥിരമല്ലാത്ത അവസ്ഥയിലാണ്. ഇതിനിടെ വ്യാപാരി വ്യവസായി സമിതി ചേർത്തല ഏരിയാ കമ്മിറ്റിയും മലബാർ സിമന്റ്സിനെ സംരക്ഷിക്കണമെന്ന ആവശ്യമുന്നയിച്ചിട്ടുണ്ട്. ഇതിനായുള്ള മാർഗങ്ങളും ഇവർ വ്യവസായ വകുപ്പ് മന്ത്രിയെ ധരിപ്പിച്ചുകഴിഞ്ഞു. നിലവിൽ എറണാകുളം ജില്ലയിലേക്ക് വാളയാറിൽനിന്ന് വാഗണിൽ സിമന്റ് എത്തിക്കുന്നതാണ് പള്ളിപ്പുറത്തെ വിൽപ്പന പ്രതിസന്ധിക്ക് പ്രധാന കാരണമായി ഇവർ ചൂണ്ടിക്കാട്ടുന്നത്.

വാഗണിൽ എത്തിക്കുന്ന ഓരോ ചാക്ക് സിമന്റിനും ഏകദേശം 42 രൂപ നഷ്ടം കമ്പനി സഹിക്കേണ്ടിവരുന്നതായി സമിതി ചൂണ്ടിക്കാട്ടുന്നു. എന്നാൽ, ഈ വിൽപ്പന ചേർത്തല പ്ലാന്റിൽനിന്നാണെങ്കിൽ കമ്പനിക്ക് 22 രൂപയോളം ലാഭമുണ്ടാകുമെന്നും സമിതി നേതാക്കൾ പറയുന്നു. ഇക്കാര്യങ്ങളിൽ അടിയന്തര ഇടപെടൽ ഉണ്ടായില്ലെങ്കിൽ പള്ളിപ്പുറത്തെ ഗ്രൈൻഡിങ് യൂണിറ്റ് പ്രവർത്തനം വീണ്ടും പ്രതിസന്ധിയിലാകുമെന്നാണ് സൂചന. സ്വകാര്യ സിമന്റ് കമ്പനികളുടെ ഒത്തുകളികളും മലബാർ സിമന്റ്സിനെ കൂടുതൽ പ്രതിസന്ധിയിലാക്കുകയാണ്.